**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 889** **02-02-2026 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ വിദ്യാഭ്യാസ മേഖല**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി കെ. കെ. രമ** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്താകെ എത്ര ട്രൈബൽ സ്കൂളുകളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്താകെ 90 ട്രൈബൽ സ്കൂളുകളാണ് നിലവിലുള്ളത്. |
| (ബി) ട്രൈബൽ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണ്; തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) ട്രൈബൽ വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രവർത്തിക്കുന്ന അധ്യാപകരുടെ വിവരം ചുവടെ ചേർക്കുന്നു. |

**Tribal School Teachers Details 2025-26**

| | General | SC | ST | OBC | OEC | OTHERS | TOTAL |
|---|---|---|---|---|---|---|---|
| LP | 80 | 24 | 54 | 136 | 4 | 0 | 298 |
| UP | 34 | 7 | 22 | 48 | 0 | 0 | 111 |
| HS | 81 | 43 | 20 | 139 | 7 | 0 | 290 |
| HSS | 54 | 34 | 28 | 48 | 5 | 0 | 169 |
| **TOTAL** | **249** | **108** | **124** | **371** | **16** | **0** | **868** |

(സി) ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ ഉന്നതികളിലെ വിദ്യാഭ്യാസ പുരോഗതിക്കായി സ്വീകരിച്ച നടപടികളെന്തെല്ലാം എന്ന് അറിയിക്കുമോ;

(സി) പട്ടികജാതി ഉന്നതികളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപരമായ ഉന്നമനം ലക്ഷ്യമാക്കി വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നു. വിജ്ഞാൻവാടികൾ മുഖേന ഉന്നതികളിലെ വിദ്യാർത്ഥികൾക്ക് ആനുകാലിക വിവര സമ്പാദനത്തിനായി ദിനപത്രങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലുമായി സഹകരിച്ച് വിജ്ഞാൻവാടികളിൽ ലൈബ്രറി സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യത്തോടു കൂടിയ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയും വിജ്ഞാൻവാടികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

നിലവിൽ ആകെ 200 ഉന്നതികളിലാണ് വിജ്ഞാൻവാടികൾ നിലവിലുള്ളത്. വിജ്ഞാൻവാടികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കോ - ഓർഡിനേറ്റർമാരെ 8000/- രൂപ പ്രതിമാസ ഓണറേറിയ നിരക്കിൽ നിയമിച്ചു വരുന്നു.

പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം.ആർ.എസുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധുപദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സാമൂഹിക പഠനമുറികൾ, ലാപ്പ്ടോപ്പ് വിതരണം, അന്യസംസ്ഥാന പഠനത്തിനുള്ള ധനസഹായം, വിദേശപഠനത്തിനുള്ള ധനസഹായം,

സിവിൽ സർവീസ് പരിശീലനം, കൊമേഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, PSC പരിശീലന പരിപാടി, എൻടൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാന്റ് എന്നിവ വിജയകരമായി നടപ്പിലാക്കി വരുന്നു. പട്ടികവർഗ ഉന്നതികളിലെ വിദ്യാഭ്യാസ പുരോഗതിക്കായി ചുവടെ പറയുന്നവയിൽ പ്രത്യേക ശ്രദ്ധ നൽകുന്നു.

1. മോഡൽ പ്രീ സ്കൂൾ

2. ഗോത്രബന്ധു പദ്ധതി

3. വിദ്യാവാഹിനി

4. സാമൂഹ്യ പഠനമുറി

(ഡി) ഇതിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഡി) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വിജ്ഞാൻവാടികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2021-22 - 1719000

2. 2022-23 - 12022200

3. 2023-24 - 8640000

4. 2024-25 - 2480562

5. 2025-26 - 1152000

| **വിദ്യാവാഹിനി** | |
|---|---|
| **വർഷം** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 2021-22 | 285.37 |
| 2022-23 | 614.37 |
| 2023-24 | 1688.5 |
| 2024-25 | 2511.81 |
| 2025-26<br>(27/01/2026 വരെ) | 2391.23 |
| **ആകെ** | **7491.28** |

| **മോഡൽ പ്രീ സ്കൂൾ, സാമൂഹ്യപഠനമുറി, ട്യൂട്ടോറിയൽ ഗ്രാന്റ്** | |
|---|---|
| **വർഷം** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 2021-22 | 916.62 |
| 2022-23 | 2046.17 |
| 2023-24 | 2906.06 |
| 2024-25 | 3588.40 |
| 2025-26<br>( 27/01/2026 വരെ) | 951.76 |
| **ആകെ** | **10409.01** |

| ഗോത്രബന്ധു | |
|---|---|
| **വർഷം** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
| 2021-22 | 354.36 |
| 2022-23 | 426.87 |
| 2023-24 | 397.25 |
| 2024-25 | 370.16 |
| 2025-26<br>( 27/01/2026 വരെ ) | 277.46 |
| **ആകെ** | **1826.10** |

ഈ സർക്കാർ അധികാരമേറ്റതു മുതൽ നാളിതുവരെ സംസ്ഥാനത്തെ പട്ടികവർഗ്ഗ ഉന്നതികളിലെ വിദ്യാഭ്യാസ പുരോഗതിക്കായി 19726.39 ലക്ഷം രൂപ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് എന്നിവയ്ക്കും MRS അടക്കമുള്ള സ്കൂൾ നടത്തിപ്പുകൾക്ക് പുറമെ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ